# കേരള നിയമസഭ
# 28.06.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂൺ 28, വെള്ളി
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു വകുപ്പുമന്ത്രി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി |
| പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി |

## ബയോകമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവ സ്ഥാപിക്കുന്ന വീട്ടുടമകൾക്ക് വീട്ടുകരത്തിൽ ഇളവ്

*421 ശ്രീ. ഷാഫി പറമ്പിൽ
,, പി.സി. വിഷ്ണുനാഥ്
,, എ.പി. അബ്ദുള്ളക്കുട്ടി
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തിൽ ബയോകമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവ സ്ഥാപിക്കുന്ന വീട്ടുടമകൾക്ക് വീട്ടുകരത്തിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇളവ് നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) വീടുകളിലെ വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കുന്നതിന് ഇത് എത്രമാത്രം സഹായകരമാകും എന്നാണ് കരുതുന്നത്;

## കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

(ഡി) വീട്ടുകരത്തിൽ ഇളവ് അനുവദിച്ചിട്ടുള്ള വീടുകളിൽ കമ്പോസ്റ്റ് ഗ്യാസ് പ്ലാന്റുകൾ എന്നിവ കൃത്യമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് വിനിയോഗം</u>

*422 ശ്രീ. ജെയിംസ് മാത്യു
,, ജി. സുധാകരൻ
‘‘ ബാബു. എം. പാലിശ്ശേരി
‘‘ എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന ഏതെങ്കിലും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് സന്നദ്ധ സംഘടനകളെ ഏല്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ വഴി ചെലവഴിക്കേണ്ടുന്ന പണം സന്നദ്ധസംഘടനകളെ ഏല്പിക്കുന്നതിനെ സംബന്ധിച്ച് അഭിപ്രായം വ്യക്തമാക്കുമോ;

(ഡി) ഈ പ്രവണത പദ്ധതി നടത്തിപ്പിലെ ജനകീയതലം ഒഴിവാക്കാൻ ഇടയാക്കുമോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2013–ലെ മറുപടിക്ക്

<u>ഇളനീർ വിപണനം</u>

*423 ശ്രീ. പി. ഉബൈദുള്ള
,, വി. എം. ഉമ്മർ മാസ്റ്റർ
,, പി. ബി. അബ്ദുൾ റസാക്
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇളനീരിനെ സംസ്ഥാനത്തിന്റെ ഔദ്യോഗിക പാനീയമാക്കി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇളനീരിന്റെ ഉല്പാദനവിതരണ മേഖലകൾ വികസിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഇളനീർ പ്രോസസ് ചെയ്ത് വിപണനം നടത്തുന്ന എത്ര യൂണിറ്റുകൾ പ്രവർത്തനക്ഷമമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 28.06.2013-ലെ മറുപടിക്ക്

<u>മാലിന്യ സംസ്ക്കരണം</u>

*424 ശ്രീ. സി. മമ്മൂട്ടി
,, എം.പി. അബ്ദുസ്സമദ് സമദാനി
,, എൻ.എ. നെല്ലിക്കുന്ന്
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യ സംസ്ക്കരണത്തിലൂടെ എനർജി ഉൾപ്പെടെയുള്ള അനുബന്ധ ഉല്പന്നങ്ങൾ ലഭ്യമാക്കുന്നതിന് വികസിത രാജ്യങ്ങളിൽ ഉപയോഗപ്പെടുത്തുന്ന ആധുനിക സാങ്കേതിക വിദ്യകളെക്കുറിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇവയിൽ സംസ്ഥാനത്തിന് അനുയോജ്യമായതും, ചെലവുകുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ സാങ്കേതിക വിദ്യകളെ ഷോർട്ട്ലിസ്റ്റ് ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി എവിടെയെങ്കിലും പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എവിടെയെല്ലാം സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2013–ലെ മറുപടിക്ക്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2011–12ൽ നടത്തിയ ഫണ്ട് വിനിയോഗം

*425 ശ്രീ. കെ. വി. അബ്ദുൾ ഖാദർ
,, പി. ശ്രീരാമകൃഷ്ണൻ
,, റ്റി. വി. രാജേഷ്
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2011–12ൽ നടത്തിയ ഫണ്ട് വിനിയോഗത്തിന്റെ ഗുണനിലവാരത്തെ സംബന്ധിച്ച് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2012 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വികസന ചെലവിലും സാമൂഹ്യമേഖല ചെലവിലും വന്നിട്ടുള്ള കുറവുകൾ സംസ്ഥാനത്തിന്റെ സാമൂഹ്യ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിഘാതം നിന്നിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ നിരീക്ഷണങ്ങളുടെ പശ്ചാത്തലത്തിൽ തദ്ദേശസ്വയംഭരണ പദ്ധതി നിർവ്വഹണത്തിൽ മാറ്റം വരുത്താൻ തയ്യാറാകുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2013–ലെ മറുപടിക്ക്

എഫ്. സി. ഐ. ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്ന ഭക്ഷ്യയോഗ്യമല്ലാത്ത അരിയും ഗോതമ്പും കാലിത്തീറ്റയുണ്ടാക്കാൻ നൽകുന്നതിന് നടപടി

*426 ശ്രീ. വി. എസ്. സുനിൽ കുമാർ
'' ഇ. കെ. വിജയൻ
'' കെ. അജിത്
'' വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എഫ്. സി. ഐ. ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്ന ഭക്ഷ്യയോഗ്യമല്ലാത്ത അരിയും ഗോതമ്പും കാലിത്തീറ്റയുണ്ടാക്കാൻ സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന് നൽകുന്നതിന് ധാരണയായിട്ടുണ്ടോ; ഉണ്ടെങ്കിൽ സംസ്ഥാനത്തുള്ള ഗോഡൗണുകളിൽ നിന്നും ഇപ്രകാരം എന്തുമാത്രം അളവിൽ അരിയും ഗോതമ്പും ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവ ഉപയോഗിച്ച് നിർമ്മിക്കുന്ന കാലിത്തീറ്റ എപ്പോൾ മുതൽ വിപണിയിലെത്തുമെന്ന് വ്യക്തമാക്കുമോ;

(സി) ക്ഷീര കർഷകർക്ക് കുറഞ്ഞ നിരക്കിൽ കാലിതീറ്റ എത്തിച്ചു കൊടുക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>കര്‍ഷക സൗഹൃദ കേന്ദ്രങ്ങള്‍</u>

*427 ശ്രീ. പി. സി. ജോര്‍ജ്
,, റോഷി അഗസ്റ്റിന്‍
,, എം. വി. ശ്രേയാംസ് കുമാര്‍
ഡോ. എന്‍. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൃഷിഭവനുകള്‍ ജനകീയവല്‍ക്കരിക്കുന്നതിനും ആധുനികവല്‍ക്കരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സര്‍ക്കാര്‍ കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഇതിനോടകം എത്ര കൃഷിഭവനുകള്‍ ആധുനികവല്‍ക്കരണ നടപടികള്‍ക്കു വിധേയമായിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) കൃഷിക്കാര്‍ക്ക് സഹായകമാകുന്ന ഉല്പാദനോപാധികള്‍, മണ്ണുപരിശോധനാ വിവരങ്ങള്‍ അടക്കമുള്ള കാര്യങ്ങള്‍, യഥാസമയം കര്‍ഷകര്‍ക്കു ലഭിക്കുന്ന വിധത്തില്‍ കൃഷിഭവനുകള്‍ കര്‍ഷക സൗഹൃദ കേന്ദ്രങ്ങളാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>റൈസ് ബയോ പാർക്ക്</u>

*428 ശ്രീ. പി. തിലോത്തമൻ
,, മുല്ലക്കര രത്നാകരൻ
,, വി. ശശി
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് പ്രഖ്യാപിച്ച റൈസ് ബയോ പാർക്കിന് കീഴിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചു;

(സി) പദ്ധതിയുമായി ബന്ധപ്പെട്ട് നെല്ലുല്പാദന വർദ്ധനവ്, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വില്പന എന്നിവയിലുണ്ടായ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>അപ്പാർട്ട്മെന്റ് റെഗുലേറ്ററി അതോറിറ്റി</u>

*429 ശ്രീ. ലൂഡി ലൂയിസ്
,, ബെന്നി ബെഹനാൻ
,, ആർ. സെൽവരാജ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫ്ളാറ്റ് തട്ടിപ്പ് തടയാൻ അപ്പാർട്ട്മെന്റ് റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>തദ്ദേശ സ്ഥാപനങ്ങൾക്ക് പൊതു സർവ്വീസ്</u>

*430 ശ്രീ.എളമരം കരീം
'' കെ. രാധാകൃഷ്ണൻ
'' കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)
'' എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങളും അവയ്ക്ക് സാങ്കേതിക സഹായം നൽകുന്ന സംവിധാനങ്ങളും ഒരൊറ്റ വകുപ്പിനു കീഴിൽ പൊതുസർവ്വീസാക്കുന്നതിനോടുള്ള നിലപാട് വ്യക്തമാക്കുമോ;

(ബി) തദ്ദേശ സ്ഥാപനങ്ങൾക്ക് പൊതു സർവ്വീസ് വരുന്നതോടെ പ്രസ്തുത സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനം കൂടുതൽ മെച്ചപ്പെടും എന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച നിലപാടിൽ മാറ്റം വരുത്താൻ തയ്യാറാകുമോ?

# കേരള നിയമസഭ
# 28.06.2013-ലെ മറുപടിക്ക്

<u>കോർപ്പറേഷൻ വികസന അതോറിറ്റികൾ</u>

*431 ശ്രീ. പി. റ്റി. എ. റഹീം
,, പി. കെ. ഗുരുദാസൻ
,, എ. കെ. ബാലൻ
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ കോർപ്പറേഷനുകളിലുള്ള വികസന അതോറിറ്റികളെ പുനരുജ്ജീവിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിലുള്ള തീരുമാനം കൈക്കൊള്ളാൻ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തൊക്കെയാണ്;

(സി) ഏതെല്ലാം വികസന അതോറിറ്റികളെയാണ് ഇത്തരത്തിൽ പുനരുജ്ജീവിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത്;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രവർത്തനം അവസാനിപ്പിച്ച വികസന അതോറിറ്റികളുടെ പുനരുജ്ജീവനം കൊണ്ട് എന്താണ് ലക്ഷ്യമിടുന്നത്;

(ഇ) അതോറിറ്റികളുടെ പ്രവർത്തനം അധിക സാമ്പത്തിക ബാദ്ധ്യത വരുത്തിവയ്ക്കുമോ എന്ന കാര്യത്തിൽ പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 28.06.2013–ലെ മറുപടിക്ക്

<u>മാലിന്യനിർമ്മാർജ്ജനം</u>

*432 ശ്രീ. കെ. സുരേഷ് കുറുപ്പ്
,, കോലിയക്കോട് എൻ കൃഷ്ണൻ നായർ
,, സാജു പോൾ
,, വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യ നിർമ്മാർജ്ജനത്തിൽ സർക്കാരിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമുള്ള ചുമതലകളെയും പങ്കിനെയും പറ്റി വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ നിലനിൽക്കുന്ന മാലിന്യ പ്രശ്നത്തിന് പരിഹാര മാർഗ്ഗം കണ്ടെത്തുന്നതിൽ സർക്കാരിൽ അർപ്പിതമായ ചുമതല നിർവ്വഹിച്ചതായി വിലയിരുത്തിയിട്ടുണ്ടോ;

(സി) മാലിന്യപ്രശ്നത്തിൽ സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ഏറ്റുമുട്ടലിന്റെ പാതയിലാണ് പ്രവർത്തിക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) മാലിന്യ പ്രശ്നത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിമിതികൾ തരണം ചെയ്യാൻ ഉതകുന്ന തരത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>ഐ. സി. ഡി. എസ്. പ്രോജക്ടുകളുടെ പ്രവർത്തനം</u>

*433 ശ്രീമതി കെ. എസ്. സലീഖ
ഡോ. കെ. ടി. ജലീൽ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ഐ. സി. ഡി. എസ്. പ്രോജക്ടുകളുടെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; ഏത് തലത്തിൽ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഐ. സി. ഡി. എസ്. പ്രോജക്ടുകളുടെ പ്രവർത്തനലക്ഷ്യം വിശദമാക്കുമോ; പ്രസ്തുത ലക്ഷ്യം അംഗൻവാടികളിലൂടെ പൂർത്തീകരിക്കപ്പെടുന്നുണ്ടെന്ന് കരുതുന്നുണ്ടോ;

(സി) പ്രോജക്ടിനു കീഴിൽ ആദിവാസി മേഖലയിൽ അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എത്ര എണ്ണം; ഏതെല്ലാം മേഖലയിൽ;

(ഡി) അട്ടപ്പാടി ആദിവാസി മേഖലയിലെ ഗർഭിണികളും മുലയൂട്ടുന്ന അമ്മമാരും ശിശുക്കളും അനുഭവിക്കുന്ന ദുരിതം സാമൂഹ്യക്ഷേമ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇക്കാര്യത്തിൽ സാമൂഹ്യക്ഷേമ വകുപ്പ് അംഗൻവാടികളിലൂടെ നടത്തിയ ഇടപെടൽ എന്താണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2013–ലെ മറുപടിക്ക്

<u>നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ</u>

*434 ശ്രീ. പി. കെ. ബഷീർ
,, റ്റി. എ. അഹമ്മദ് കബീർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ മുഖേന ഗ്രാമീണ ജനതയുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതികളുടെ വിശദ വിവരം നൽകാമോ;

(ബി) സൂക്ഷ്മ സംരംഭങ്ങൾക്കുമാത്രമാണോ ഈ പദ്ധതി പ്രകാരം സഹായം നൽകുന്നതെന്ന് വ്യക്തമാക്കുമോ; എങ്കിൽ അതിനുള്ള മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) 2012–13 ൽ പ്രസ്തുത പദ്ധതിക്കായി എന്തുതുക ലഭിച്ചു എന്നും എന്തു തുക ചെലവിട്ടു എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

**കാർഷിക സർവ്വകലാശാലയുടെ പുതിയ ഗവേഷണ പ്രോജക്ടുകൾ**

*435 ശ്രീ. ജി.എസ്. ജയലാൽ
,, സി.ദിവാകരൻ
ശ്രീമതി ഇ.എസ്. ബിജിമോൾ
ശ്രീ. കെ.രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ കാർഷിക സർവ്വകലാശാലയുടെ ഗവേഷണ സ്ഥാപനങ്ങളിൽ 2011 മേയ് മാസത്തിനു ശേഷം എത്ര പുതിയ പ്രോജക്ടുകളാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ ഏറ്റെടുത്തിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ഇതിൽ കേന്ദ്ര സഹായമുള്ളതും സംസ്ഥാന സഹായമുള്ളതുമായ പദ്ധതികൾ ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതികൾക്കായി സർവ്വകലാശാല എത്ര തുക ഇതിനകം ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 28.06.2013-ലെ മറുപടിക്ക്

## ഹൈടെക്ക് ഫാമുകൾ

*436 ശ്രീ. റ്റി. എൻ. പ്രതാപൻ
,, പാലോട് രവി
,, കെ. മുരളീധരൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈടെക്ക് ഫാമുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ഫാമുകളുടെ ലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ ഫാമുകൾ പ്രവർത്തിപ്പിക്കുന്നത്; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തുടനീളം ഇത്തരം ഫാമുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 28.06.2013–ലെ മറുപടിക്ക്

നോർക്ക ബിസിനസ്സ് സഹായ കേന്ദ്രം

*437 ശ്രീ. ആർ. സെൽവരാജ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, പി. സി. വിഷ്ണുനാഥ്
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നോർക്ക ബിസിനസ്സ് സഹായ കേന്ദ്രം രൂപവത്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സംസ്ഥാനത്തെ നിക്ഷേപ സാധ്യതകൾ പ്രവാസികളുടെ ശ്രദ്ധയിൽ കൊണ്ടുവരാനും വിവിധ മേഖലകളിൽ നിക്ഷേപത്തിന് സന്നദ്ധതയുള്ളവർക്ക് സഹായം നൽകുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് കേന്ദ്രത്തിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഇതിലൂടെ എന്തെല്ലാം സേവനങ്ങളും സഹായങ്ങളുമാണ് പ്രവാസികൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) ഏതെല്ലാം ഏജൻസികളാണ് ഈ സെന്ററുമായി സഹകരിക്കുന്നത്?

**കേരള നിയമസഭ**
**28.06.2013-ലെ മറുപടിക്ക്**

കേന്ദ്രപദ്ധതികളിലെ സാമ്പത്തിക സ്വാതന്ത്ര്യം

*438 ശ്രീ. ബി. സത്യൻ
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. കെ. വി. അബ്ദുൾ ഖാദർ
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രപദ്ധതികൾ നടപ്പാക്കാൻ സംസ്ഥാനങ്ങൾക്ക് കൂടുതൽ സാമ്പത്തിക സ്വാതന്ത്ര്യം വേണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിരുന്നുവോ; വിശദമാക്കാമോ ;

(ബി) ഏതെല്ലാം കേന്ദ്രപദ്ധതികളുടെ നടത്തിപ്പിലാണ് പ്രസ്തുത ആവശ്യം ഉന്നയിച്ചിരുന്നത്; ഇക്കാര്യത്തിൽ കേന്ദ്രനിലപാട് എന്തായിരുന്നു ;

(സി) ഇതിനകം സാമ്പത്തിക സ്വാതന്ത്ര്യം ലഭിച്ച കേന്ദ്ര പദ്ധതികൾ ഏതൊക്കെയാണ് ; ഏതെല്ലാം നിലയിലുള്ള സ്വാതന്ത്ര്യം സംസ്ഥാനത്തിന് ലഭിക്കുകയുണ്ടായി ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

**അട്ടപ്പാടി മേഖലയിലെ അംഗൻവാടികളിലൂടെ വിതരണം ചെയ്യുന്ന പോഷകാഹാരങ്ങളുടെ ഗുണനിലവാര പരിശോധന**

*439 ശ്രീ. ബി. ഡി. ദേവസ്സി
,, എ. കെ. ബാലൻ
,, വി. ചെന്താമരാക്ഷൻ
,, പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മേഖലയിലെ അംഗൻവാടികളിലൂടെ വിതരണം ചെയ്യുന്ന പോഷകാഹാരങ്ങളുടെ ഗുണനിലവാര പരിശോധന നടത്താറുണ്ടോ;

(ബി) മുൻ കാലങ്ങളിൽ പോഷകാഹാരങ്ങളുടെ ഗുണനിലവാരത്തെ സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ടവരിൽ നിന്നും ലഭിക്കുകയുണ്ടായോ;

(സി) എങ്കിൽ റിപ്പോർട്ടിലെ ഉളളടക്കത്തിന്റെ പ്രസക്ത ഭാഗങ്ങൾ വിവരിക്കാമോ;

(ഡി) റിപ്പോർട്ടിൻമേൽ എന്ത് തുടർനടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>പ്രവാസിമലയാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ</u>

*440 ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
,, എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പ്രവാസിമലയാളികളുടെ ക്ഷേമത്തിനായി നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(ബി) നോർക്കയുടെ ഡൽഹി, മുംബൈ ഡെവലപ്മെന്റ് ഓഫീസുകളും നോർക്ക-റൂട്ട്സിന്റെ സാറ്റലൈറ്റ് ഓഫീസുകളും മുഖേന പ്രവാസി മലയാളികൾക്കായി ഈ സർക്കാർ എന്തെല്ലാം സഹായങ്ങളാണ് ചെയ്തിട്ടുള്ളത്;

(സി) പ്രസ്തുത ഓഫീസുകളുടെ പ്രവർത്തനം വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുവോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 28.06.2013–ലെ മറുപടിക്ക്

<u>ബി. പി. എൽ. ലിസ്റ്റ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

*441 ശ്രീ. പാലോട് രവി
,, തേറമ്പിൽ രാമകൃഷ്ണൻ
,, വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബി. പി. എൽ. ലിസ്റ്റ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുനർനിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പുനർനിശ്ചയിച്ച മാനദണ്ഡങ്ങളുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) മാനദണ്ഡങ്ങൾ അനുസരിച്ച് ഏതെല്ലാം വിഭാഗങ്ങളെയാണ് ഒഴിവാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ആരെയെല്ലാമാണ് പുതുക്കിയ മാനദണ്ഡങ്ങൾ അനുസരിച്ച് ബി. പി. എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തിയത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത</u>

*442 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, രാജു എബ്രഹാം
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ആവശ്യമായ പച്ചക്കറിയുടെ ലഭ്യതക്കുറവ് ഇപ്പോൾ പരിഹരിക്കപ്പെടുന്നത് എങ്ങിനെയാണ് ;

(ബി) കൃഷി വകുപ്പിന് കീഴിലുള്ള ഏതെല്ലാം സ്ഥാപനങ്ങളാണ് പച്ചക്കറി വിപണിയിൽ ഇടപെടുന്നതെന്ന് അറിയിക്കാമോ; പ്രസ്തുത സ്ഥാപനങ്ങൾ അന്യസംസ്ഥാനത്തു നിന്നും പച്ചക്കറികൾ വാങ്ങാറുണ്ടോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>മരണ രജിസ്ട്രേഷൻ</u>

*443 ശ്രീ. അൻവർ സാദത്ത്
'' ഐ. സി. ബാലകൃഷ്ണൻ
'' വി. പി. സജീന്ദ്രൻ
'' എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മരണ രജിസ്ട്രേഷൻ സ്വന്തം നാട്ടിൽ നടത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) മരണ രജിസ്ട്രേഷൻ സംബന്ധിച്ച് എന്തെല്ലാം സൗകര്യങ്ങളാണ് അനുവദിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഇതു നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>കാർഷിക ഉല്പന്നങ്ങളുടെ വിലത്തകർച്ച</u>

*444 ശ്രീ. റ്റി. വി. രാജേഷ്
,, എം. എ. ബേബി
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആസിയൻ കരാറും രാജ്യാന്തര വ്യാപാര കരാറുകളും സംസ്ഥാനത്തിന്റെ കാർഷിക ഉല്പന്നങ്ങളുടെ വിലത്തകർച്ചയ്ക്ക് കാരണമായിട്ടുണ്ട് എന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ബി) നാണ്യവിളകളുടെ വിലയിടിവ് മൂലം ദുരിതം അനുഭവിക്കുന്ന കർഷകരെ സഹായിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(സി) കഴിഞ്ഞ കാലങ്ങളിൽ ചെയ്തതുപോലെ ഈ പ്രതിസന്ധി പരിഹരിക്കാൻ പ്രത്യേക പാക്കേജ് പ്രഖ്യാപിക്കാൻ സർക്കാർ മുൻകൈ എടുക്കുമോ ;

(ഡി) കേന്ദ്ര സർക്കാരിനോട് ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും സഹായം അഭ്യർത്ഥിച്ചിരുന്നുവോ ; അതു സംബന്ധിച്ച് എന്തെങ്കിലും പ്രതികരണം അറിയിച്ചുവോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

ആഭ്യന്തര വരുമാനത്തിൽ കാർഷിക മേഖലയുടെ പങ്ക്

*445 ശ്രീ. ഇ. പി. ജയരാജൻ
,, ജി. സുധാകരൻ
,, വി. ചെന്താമരാക്ഷൻ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക സമ്പദ്‌വ്യവസ്ഥിതി എന്ന നിലയിൽ നിന്ന് സംസ്ഥാനം മാറിപോകുന്നതായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തിന്റെ ആകെ ആഭ്യന്തര വരുമാനത്തിൽ കാർഷിക മേഖലയുടെ പങ്ക് കുറയുന്നതിനുള്ള കാരണങ്ങളെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ;

(സി) കാർഷിക മേഖലയിൽ കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ള നയപരിപാടികൾ ഈ ദുരവസ്ഥയ്ക്ക് കാരണമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഈ സ്ഥിതിക്ക് മാറ്റം വരുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് കൃഷിവകുപ്പ് പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>ഇന്ദിരാഗാന്ധി ദേശീയ അംഗവൈകല്യ പെൻഷൻ പദ്ധതി</u>

*446 ശ്രീ. കെ. അച്ചുതൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാഗാന്ധി ദേശീയ അംഗവൈകല്യ പെൻഷൻ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) സംസ്ഥാനത്ത് ഈ പദ്ധതി നടപ്പാക്കാൻ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പദ്ധതി മുഖാന്തിരം എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ദേശിയ പദ്ധതിക്കൊപ്പം അംഗവൈകല്യമുള്ളവർക്കുള്ള സംസ്ഥാന പെൻഷൻ പദ്ധതി തുടരുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 28.06.2013–ലെ മറുപടിക്ക്

താത്ക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ

*447 ശ്രീ. വി. ഡി. സതീശൻ
,, സി. പി. മുഹമ്മദ്
,, കെ. മുരളീധരൻ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻസിപ്പാലിറ്റികളിലും കോർപ്പറേഷുകളിലും താത്ക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ നൽകുന്നുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ആർക്കെല്ലാമാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്;

(ഡി) റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ നൽകുന്നതിലൂടെ എന്തെല്ലാം സൗകര്യങ്ങളാണ് ഇവർക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 28.06.2013–ലെ മറുപടിക്ക്

<u>ആശ്രയ പദ്ധതി വിപുലീകരണം</u>

*448 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
'' ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശ്രയ പദ്ധതി വിപുലീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏത് ഏജൻസി വഴിയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതിയുടെ രണ്ടാംഘട്ടം ആരംഭിക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിഷ്കർഷിച്ചിരുന്ന വ്യവസ്ഥകൾ ഒഴിവാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എന്തെല്ലാം വ്യവസ്ഥകളാണ് ഒഴിവാക്കിയത്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**28.06.2013-ലെ മറുപടിക്ക്**

<u>നെൽ കർഷകർക്ക് ഉൽപാദന ബോണസ്സ്</u>

*449 ശ്രീ. വർക്കല കഹാർ
,, ഷാഫി പറമ്പിൽ
'' എം. പി. വിൻസെന്റ്
'' പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകർഷകർക്ക് ഉൽപാദന ബോണസ്സ് നൽകുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ സർക്കാരിന്റെ കാലത്ത് ഉൽപാദന ബോണസ്സ് വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ഡി) വർദ്ധനവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>ഇൻകുബേഷൻ സെന്ററുകൾ</u>

*450 ശ്രീ. ജോസഫ് വാഴക്കൻ
,, എം. എ. വാഹീദ്
,, ഡൊമിനിക് പ്രസന്റേഷൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകർക്കായി ഇൻകുബേഷൻ സെന്ററുകൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സെന്ററുകളുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കർഷകർക്ക് അവരുടെ ഉൽപന്നങ്ങൾ സംസ്കരിച്ച് വിപണികളിലെത്തിക്കാൻ എന്തെല്ലാം സൗകര്യങ്ങളാണ് സെന്ററുകളിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ജൂൺ 19.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ് [ചട്ടം 47(1)].